ATTACHED
24/11/21

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം, തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 1711/(2)/2020/**എസ്.ഐ.സി.തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **14170**/എസ്.ഐ.സി-ജി 6/2020)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. പി.ജി. മുരളീധരൻ,
ലക്ഷ്മി ക്വാർട്ടേഴ്സ്,
ചിറക്കൽ (പി.ഒ),
കണ്ണൂർ. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & സെക്രട്ടറി,
ഡി.ടി.പി.സി, താലൂക്ക് ഓഫീസ് ക്യാമ്പസ്,
കണ്ണൂർ - 2.
2. അപ്പീൽ അധികാരി & റീജ്യണൽ ഡയറക്ടർ,
കേരള ടൂറിസം ഡിപ്പാർട്ട്മെന്റ്,
സിവിൽ സ്റ്റേഷൻ,
കോഴിക്കോട്.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 26/08/2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 25/09/2020 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 10/10/2020 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 18/11/2020 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 03/12/2020 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 09/12/2020 |
| കമ്മീഷൻ ഹിയറിംഗ് നടത്തിയ തീയതി :<br>സ്ഥലം : | 28/10/2021<br>ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാൾ, കണ്ണൂർ |
| ഹിയറിംഗ് സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എതിർകക്ഷി | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. പി.ജി. മുരളീധരൻ 03/12/2020 തീയതി സമർപ്പിച്ച അപ്പീൽ ഹർജി 09.12.2020 തീയതി കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No. 1711(2)/2020/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ല എന്ന ആക്ഷേപമാണ്.

3. പരാതി ഹർജിക്കാരൻ 26/08/2020 തീയതി എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

1. കണ്ണൂർ ഡിടിപിസിയിലെ ജീവനക്കാരി ശ്രീമതി. അനു കെ.പി-യെ ഡിടിപിസി -യിൽ നിന്നും പിരിച്ചു വിടുവാൻ ഡിടിപിസി എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനമെടുത്തിരുന്നോ എന്നും ഏതു തീയതിയിലെ കമ്മിറ്റിയിലാണ് പിരിച്ചു വിടുവാൻ തീരുമാനിച്ചതെന്നും തീരുമാനിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് നൽകണമെന്നും
2. മേൽ ജീവനക്കാരിയുടെ പ്രതിമാസ ശമ്പളത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ഏത് തീയതിയിലെ കമ്മിറ്റിയിലാണ് ശമ്പള വർദ്ധനവിന് അംഗീകാരം നൽകിയതെന്നും
3. ടി ജീവനക്കാരി കൃത്യനിർവ്വഹണം തൃപ്തികരമായ രീതിയിലാണോ ഇതു വരെ നിർവ്വഹിച്ചതെന്നും ജോലിയിൽ എന്തെങ്കിലും അലംഭാവം കാണിച്ചതിന് മേൽ ജീവനക്കാരിക്കെതിരെ ഡിടിപിസി സെക്രട്ടറി എന്തെങ്കിലും അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് നൽകണം എന്നും മറ്റുമായി 7 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

മേൽപ്പടി അപേക്ഷയിന്മേൽ 25/09/2020-ന് എതിർകക്ഷി മറുപടിയും നൽകിയിട്ടുണ്ട്.

4. 12/01/2021 തീയതി രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ സമർപ്പിച്ചിട്ടുള്ള അപ്പീൽ അപേക്ഷയിൽ

ആവശ്യപ്പെട്ട ചോദ്യം നമ്പർ 1, 2 പ്രകാരം അപേക്ഷകന് വിവരാവകാശ നിയമ പ്രകാരമുള്ള മറുപടി എസ്.പി.ഐ.ഒ ആയ കണ്ണൂർ ഡി.ടി.പി.സി സെക്രട്ടറി(ic) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോക്ക് അയച്ച് നൽകിയ കത്തിന്റെ പകർപ്പ് ഉൾപ്പെടെ നൽകിയിട്ടുള്ളതുമാണെന്നും അപേക്ഷകൻ ആവശ്യപ്പെട്ട മിനുട്ട്സ് ബുക്കിന്റെ പകർപ്പ് ടി ഓഫീസിൽ നിന്നും അന്വേഷണ നടപടികൾ പൂർത്തിയാക്കാത്തതിനാൽ കണ്ണൂർ ഡി.ടി.പി.സിയിൽ നാളിതുവരെയും ലഭ്യമായിട്ടില്ല എന്നും, എന്നാണ് എസ്.പി.ഐ.ഒ(കണ്ണൂർ ഡി.ടി.പി.സി സെക്രട്ടറി(ic)) അറിയിച്ചിട്ടുള്ളതെന്നും ആയതിനാൽ തന്നെ ടി രേഖ എന്ന് ലഭ്യമാകും എന്ന അപേക്ഷകന്റെ ചോദ്യത്തിന് വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയിൽ നിന്നും മിനുട്സ് ബുക്ക് എന്നാണോ ലഭ്യമാകുന്നത് ആയതനുസരിച്ച് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് എസ്.പി.ഐ.ഒ ഫോൺ മുഖേന അറിയിച്ചിട്ടുണ്ടെന്നും മേൽ രേഖ ആവശ്യപ്പെട്ടുകൊണ്ട് ടി ഓഫീസിൽ സമർപ്പിച്ച കത്തിന്റെ കോപ്പി ലഭിക്കുന്നതിന് അപേക്ഷകൻ ആവശ്യപ്പെട്ടിരുന്നുവെന്നും ആയത് പ്രകാരം ടിയാനു ആയതിന്റെ പകർപ്പ് നൽകിയിരുന്നുവെന്നും ഇപ്പോൾ വീണ്ടും സാക്ഷ്യപ്പെടുത്തിയ കോപ്പി ആവശ്യപ്പെട്ടിരിക്കുന്നതിനാൽ വിവരാവകാശ നിയമം അനുശാസിക്കുന്ന വിധത്തിൽ പകർപ്പ് ലഭ്യമാവുന്നതിന് ആവശ്യമായ നിശ്ചിത തുക ട്രഷറിയിൽ ചലാൻ അടച്ച് ആയത് ഹാജരാക്കുന്ന മുറക്ക് ടിയാനിൽ നിന്നും ലഭിക്കുന്നതാണെന്നുമാണ്. പരാതിക്കാരൻ ആവശ്യപ്പെടുന്ന വിവരങ്ങൾ ഉൾപ്പെടുന്ന ഫയൽ കണ്ണൂർ ഡി.ടി.പി.സി-യിൽ ആയതിനാൽ വീണ്ടും ആവശ്യപ്പെട്ട കത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് പരാതിക്കാരന് നൽകുന്നതിനുവേണ്ടി കമ്മീഷൻ മുഖേന പരാതിക്കാരൻ സമർപ്പിച്ച അപേക്ഷയുടെ കോപ്പി സഹിതം എസ്.പി.ഐ.ഒ-ക്ക് ടി ഓഫീസ് മുഖേന നിർദ്ദേശം നൽകിയെന്നും, കമ്മീഷൻ ആവശ്യപ്പെട്ടിട്ടുള്ള വിവരാവകാശ നിയമം വകുപ്പ് 6(1), 19(1) അപേക്ഷകൾ ഉൾപ്പെടെ ടിയാളുടെ അപേക്ഷക്ക് കണ്ണൂർ ഡി.ടി.പി.സി സെക്രട്ടറി നൽകിയ മറുപടി, അപ്പീൽ അധികാരി എന്ന നിലയിൽ ടി ഓഫീസിൽ നിന്നും സ്വീകരിച്ച നടപടി ക്രമത്തിന്റെ പകർപ്പ് എന്നിവ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ടെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ നേരിൽ കേട്ടതിലും ഹർജിക്കാരന്റെ അപേക്ഷയിലെ ക്രമ നമ്പർ 3-നു വ്യക്തമായ മറുപടി നൽകണമെന്ന് എതിർകക്ഷിക്ക് കമ്മീഷൻ നിർദ്ദേശം നൽകുന്നു.

6. മേൽ പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജി ഇന്നേദിവസം **2021 നവംബർ 1–ാം** തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)

ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)